**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

ഹാജർ: ശാലിനി ഗോപിനാഥ് (പെൻ.498485)

ക്ഷീരവികസന വകുപ്പ്- ജീവനക്കാര്യം - വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് സ്ഥലം മാറ്റം നൽകി ഉത്തരവായത്- കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ഉത്തരവിന്മേൽ ചാർജ്ജ് ക്രമീകരണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

DDDKER/995/2026-ES1 തിരുവനന്തപുരം,തീയതി:10-09-2026

---

പരാമർശം:- 1.സ.ഉ(സാധാ) നം. 64/2026/ഡിഡി, തീയതി, 12/06/2026

2. ശ്രീമതി. രജീത ആർ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 952/2026 നം കേസിലെ ഉത്തരവ്

3. സ.ഉ(സാധാ) നം.86/2026/DD, തീയതി 10.09.2026

**ഉത്തരവ്**

ക്ഷീരവികസന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരെ സ്ഥലം മാറ്റി നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ പരാമർശം (2) പ്രകാരം ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസിലെ വിധി ന്യായം പാലിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർശം (2) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. രജീത ആർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ടും, ടിയാളെ അമ്മകണ്ടകരയിലെ ക്ഷീരസംരഭകത്വ വികസന കേന്ദ്രം പ്രിൻസിപ്പാൾ ആയും ശ്രീ. ഡോളസ് പി.ഇ - യെ തിരുവനന്തപുരം, ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടർ (എക്സ്റ്റൻഷൻ) ആയും സ്ഥലംമാറ്റി പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവ് പരിഷ്കരിക്കാതെ നിലനിർത്തിയുമാണ് ബഹു. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ ശ്രീമതി. രജിത ആർ, ഡെപ്യൂട്ടി ഡയറക്ടർ (എക്സ്റ്റൻഷൻ)- നെ അമ്മകണ്ടകര ക്ഷീരസംരഭകത്വ വികസന കേന്ദ്രം പ്രിൻസിപ്പാൾ ആയി ചുമതലയേൽക്കുന്നതിനായി ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി

ഡയറക്ടർ (എക്സ്റ്റൻഷൻ) ന്റെ ചുമതലകളിൽ നിന്നും അടിയന്തിരമായി വിടുതൽ ചെയ്ത് ഉത്തരവാകുന്നു. ടിയാൻ നിർവ്വഹിച്ചിരുന്ന ഡെപ്യൂട്ടി ഡയറക്ടർ (എക്സ്റ്റൻഷൻ)- ന്റെ ചുമതലകൾ ശ്രീമതി. നിഷ ബി.എസ്, ഡെപ്യൂട്ടി ഡയറക്ടർ(ജനറൽ) ന് കൈമാറേണ്ടതും പുതിയ ലാവണത്തിൽ യഥാസമയം ചുമതല ഏൽക്കേണ്ടതുമാണ്.

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടർ എക്സ്റ്റൻഷൻ ആയി സ്ഥലംമാറ്റം ലഭിച്ച ശ്രീ. ഡോളസ് പി.ഇ. അമ്മകണ്ടകര ക്ഷീരസംരഭകത്വ വികസന കേന്ദ്രം പ്രിൻസിപ്പാളിന്റെ ചുമതലകൾ പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറി മേൽപ്പടി ഓഫീസിൽ നിന്നും വിടുതൽ ചെയ്യേണ്ടതും പുതിയ ലാവണത്തിൽ യഥാസമയം ചുമതല ഏൽക്കേണ്ടതുമാണ്.

Digitally signed by
SALINI GOPINATH
Date: 10-09-2026
16:59:48

**ഡയറക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:- 1)ഡയറക്ടറുടെ മേശപ്പുറത്ത്

2)ജോയിന്റ് ഡയറക്ടർ, ജനറൽ/പ്ലാനിംഗ്/എസ് ഡി എൽ

3) പ്രിൻസിപ്പാൾ, ക്ഷീരസംരഭകത്വ കേന്ദ്രം, അമ്മകണ്ടകര, പത്തനംതിട്ട

4)ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

5)ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ / ഐ ടി സെൽ / പ്ലാനിംഗ്)

6)ഈ ഓഫീസിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും

7) ഡി എഫ് ഐ - ഐ ടി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)